Published on 22-02-2018

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 114

# 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 114

# 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ

267/2018.

# 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ

1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഡിസംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 31-ാം വകുപ്പിന്റെ ഭേദഗതി.—1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിലെ (1994-ലെ 5) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 31-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) സർവ്വകലാശാല അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം,—

(എ) സർവ്വകലാശാലാ ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾ പ്രകാരമുള്ള യോഗ്യതയുള്ള അദ്ധ്യാപകരുടെ സംഗതിയിൽ അറുപത് വയസ്സ് ആയിരിക്കുന്നതും അങ്ങനെയുള്ള ഒരു അദ്ധ്യാപകന്റെ വിരമിക്കൽ തീയതി അക്കാദമിക വർഷത്തിനുള്ളിൽ വരികയാണെങ്കിൽ അദ്ദേഹം അക്കാദമിക വർഷത്തിന്റെ അവസാനംവരെ

സർവ്വീസിൽ തുടരേണ്ടതുമാണ്. അങ്ങനെയുള്ള അദ്ധ്യാപകരുടെ സർവ്വീസ് ആനുകൂല്യങ്ങൾ കേരള സർവ്വീസ് ചട്ടങ്ങളിലെ I-ാം ഭാഗം 60-ാം ചട്ടം (സി) ഉപചട്ടം അനുശാസിക്കുന്ന പ്രകാരമായിരിക്കുന്നതാണ്; കൂടാതെ

(ബി) (എ) ഖണ്ഡത്തിൻകീഴിൽപ്പെടാത്ത സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടെയും ഓഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും സംഗതിയിൽ, സർക്കാർ അതതുസമയം തീരുമാനിച്ചേക്കാവുന്ന പ്രകാരം, സർക്കാർ സർവ്വീസിലുള്ള ജീവനക്കാരുടെ സംഗതിയിൽ ബാധകമായ പ്രായം ആയിരിക്കുന്നതാണ്:

എന്നാൽ, ഒരു ഹ്രസ്വകാല കരാറിൻമേൽ മൂന്നുവർഷത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക് താൽക്കാലികമായി നിയമിക്കപ്പെടുന്ന ഏതൊരാളെ സംബന്ധിച്ചും ഈ ഉപവകുപ്പിൽ പറയുന്ന പ്രായപരിധി ബാധകമായിരിക്കുന്നതല്ല:

എന്നുമാത്രമല്ല, ഹ്രസ്വകാല കരാർ നിയമനങ്ങൾ സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കുന്ന രീതിയിൽ രൂപീകരിച്ചിട്ടുള്ള സെലക്ഷൻ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായിരിക്കുന്നതാണ്.".

3. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2018-ലെ 17) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലെയും അദ്ധ്യാപകരുടെ വിരമിക്കൽ പ്രായത്തിൽ ഏകരൂപത കൊണ്ടുവരുന്നതിനും അക്കാദമിക വർഷത്തിനിടയിൽ അദ്ധ്യാപകരുടെ വിരമിക്കൽമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന കഷ്ടപ്പാടുകൾ ഒഴിവാക്കുന്നതിനും സർക്കാർ തീരുമാനിക്കുകയുണ്ടായി. അതിൻപ്രകാരം, സർവ്വകലാശാലയിലെ അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം സംബന്ധിച്ച് സംസ്ഥാനത്തെ മറ്റ്

സർവ്വകലാശാലകളിലെ ആക്റ്റുകളിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി, സർവ്വകലാശാലാ ഗ്രാന്റ്സ് കമ്മീഷന്റെ റഗുലേഷനുകൾ പ്രകാരമുള്ള യോഗ്യതയുള്ള അദ്ധ്യാപകരുടെ വിരമിക്കൽ തീയതി അക്കാദമിക വർഷത്തിനുള്ളിൽ വരികയാണെങ്കിൽ അങ്ങനെയുള്ള അദ്ധ്യാപകരുടെ സർവ്വീസ് അക്കാദമിക വർഷത്തിന്റെ അവസാനംവരെ നീട്ടുന്നതിന് തീരുമാനിച്ചു. സർവ്വകലാശാലാ ഗ്രാന്റ്സ് കമ്മീഷന്റെ റഗുലേഷനുകൾ പ്രകാരമുള്ള യോഗ്യതകളില്ലാത്ത അദ്ധ്യാപകരുടെയും സർവ്വകലാശാലയിലെ ഓഫീസർമാരുടെയും ജീവനക്കാരുടെയും വിരമിക്കൽ പ്രായം സർക്കാർ സർവ്വീസിലുള്ള ജീവനക്കാരുടെ സംഗതിയിലെന്നപോലെ നിശ്ചയിക്കുന്നതിനും സർക്കാർ തീരുമാനിച്ചു. അതിനാൽ മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിലെ (1994-ലെ 5) 31-ാം വകുപ്പ് (3)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2017-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് 2017 ഡിസംബർ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 ഡിസംബർ 1-ാം തീയതിയിലെ 2670-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2017-ലെ 26-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 102 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2018 ജനുവരി 22-ാം തീയതി ആരംഭിച്ച് 2018 ഫെബ്രുവരി 7-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2018 ഫെബ്രുവരി 12-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018-ലെ 17-ാം നമ്പർ ഓർഡിനൻസായി 2018 ഫെബ്രുവരി 12-ാം തീയതി തീയതിയിലെ 341-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

1994-ലെ ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിലെ 31-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർവ്വകലാശാലയിലെ അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം അറുപതായിരിക്കുന്നതും സർവ്വകലാശാലയിലെ അദ്ധ്യാപക അദ്ധ്യാപകേതര ഓഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും വിരമിക്കൽപ്രായം അൻപത്തി അഞ്ചായിരിക്കുന്നതും ആകുന്നു.. സർവ്വകലാശാലാ ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾ പ്രകാരമുള്ള യോഗ്യതയുള്ള അദ്ധ്യാപകരുടെ വിരമിക്കൽ തീയതി അക്കാദമിക വർഷത്തിനുള്ളിൽ വരികയാണെങ്കിൽ അവരുടെ സർവ്വീസ് അക്കാദമിക വർഷത്തിന്റെ അവസാനംവരെ നീട്ടേണ്ടതാണെന്ന് ബില്ലിന്റെ 2-ാം ഖണ്ഡം മുഖേന പകരം ചേർക്കാനുദ്ദേശിക്കുന്ന ആക്റ്റിന്റെ 31-ാം വകുപ്പ് (3)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു. ഈ അദ്ധ്യാപകർ അംഗീകൃത തസ്തികയിൽ അങ്ങനെതന്നെ തുടർന്നുവരികയാണ്. എന്നിരുന്നാലും, ഈ അദ്ധ്യാപകർ ഉയർന്ന ശമ്പള സ്കെയിലിൽ തുടരുന്നതിനാൽ വിരമിക്കൽപ്രായം ഉയർത്തുന്നപക്ഷം അങ്ങനെയുള്ള ഒഴിവുകളിലേക്ക് നിയമിക്കപ്പെടേണ്ടതായ അസിസ്റ്റന്റ് പ്രൊഫസർമാരുടെ ശമ്പള സ്കെയിലുമായുള്ള വ്യത്യാസമാണ് ഏതാനും മാസത്തേക്ക് ഉണ്ടായേക്കാവുന്ന സാമ്പത്തിക ബാദ്ധ്യത. ഈ അദ്ധ്യാപകർക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും ഈ അദ്ധ്യാപകർക്ക് പകരം റഗുലർ അല്ലെങ്കിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന അദ്ധ്യാപകർക്കുള്ള ശമ്പളവും നൽകുന്നതുമൂലമുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത ഈ അദ്ധ്യാപകരെ തുടരാൻ അനുവദിക്കുന്നപക്ഷം ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയെക്കാൾ കുറവാണ്. ഇപ്രകാരം സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 28,05,205 (ഇരുപത്തിയെട്ട് ലക്ഷത്തി അയ്യായിരത്തി ഇരുനൂറ്റി അഞ്ച്) രൂപയുടെ വാർഷിക സാമ്പത്തിക ചെലവ് പ്രതീക്ഷിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്

(ശരിത്തർജ്ജമ)

## 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5) നിന്നുള്ള പ്രസക്തഭാഗങ്ങൾ

31. അദ്ധ്യാപകരുടെയും ആഫീസർമാരുടെയും സ്റ്റാഫിന്റെയും നിയമനം.—(1) സർവ്വകലാശാലയിലെ അദ്ധ്യാപകരേയും ആഫീസർമാരേയും മറ്റുജീവനക്കാരെയും ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ രൂപീകരിച്ചിട്ടുള്ള അനുയോജ്യമായ സെലക്ഷൻ കമ്മിറ്റിയുടെ ഉപദേശത്തിൻമേൽ വൈസ് ചാൻസലർ നിയമിക്കേണ്ടതാണ്.

** ** ** **

(3) സർവ്വകലാശാലയിലെ അദ്ധ്യാപകരുടെ റിട്ടയർമെന്റ് പ്രായം അറുപതായിരിക്കുന്നതും സർവ്വകലാശാലയിലെ അദ്ധ്യാപക അദ്ധ്യാപകേതര ആഫീസർമാരുടെയും മറ്റു ജീവനക്കാരുടെയും റിട്ടയർമെന്റ് പ്രായം അൻപത്തി അഞ്ചായിരിക്കുന്നതും ആകുന്നു.

എന്നാൽ ഒരു ഹ്രസ്വകാല കരാറിന്റെ അടിസ്ഥാനത്തിൽ മൂന്നുവർഷത്തിൽ കവിയാത്ത കാലയളവിലേക്ക് താൽക്കാലികമായി നിയമിക്കപ്പെടുന്ന ഏതൊരാളെ സംബന്ധിച്ചും പ്രസ്തുത പ്രായപരിധി ബാധകമായിരിക്കുന്നതല്ല.

മാത്രമല്ല, ഹ്രസ്വകാല കരാറിൻമേലുള്ള നിയമനങ്ങൾപോലും സ്റ്റാറ്റ്യൂട്ടുകൾ നിർണ്ണയിക്കുന്ന രീതിയിൽ രൂപീകരിച്ചിട്ടുള്ള സെലക്ഷൻ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായിരിക്കുന്നതാണ്.

** ** ** **